## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 217 | 14.12.2015 -ൽ മറുപടിക്ക്

### ഭൂമിക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ :<br>,, ഇ. ചന്ദ്രശേഖരൻ :<br>,, വി. ശശി :<br>,, കെ. അജിത് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഭൂമിക പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) 2009 ഡിസംബർ മാസം മുതലാണ് ഭൂമിക പദ്ധതി ആരംഭിച്ചത്. ഭൂമിക സെന്ററിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1. | അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആരോഗ്യപരിചരണവും കൗൺസിലിംങും |
| 2. | ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനങ്ങൾ |
| 3. | ആശുപത്രിയിൽ വരുന്ന അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകളെ കണ്ടെത്തൽ, ആവശ്യമായ നടപടികൾ സ്വീകരിക്കൽ |
| 4. | അതിക്രമത്തിന് ഇരയായവരെ സഹായിക്കുന്നതിന് മറ്റു വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ (ഉദാ. സാമൂഹികനീതി വകുപ്പ്, വനിതാ സെൽ, ഷെൽറ്റർ ഹോം, ജാഗ്രതാ സമിതി, സന്നദ്ധ സംഘടനകൾ) |
| 5. | അതിക്രമത്തിന് ഇരയായി വരുന്നവർക്ക് ആവശ്യമാണെങ്കിൽ മറ്റു സേവനങ്ങൾ (നിയമ സഹായം, താമസ സൗകര്യം) |
| 6. | കൗൺസിലിംഗ് സേവനങ്ങൾ, ആവശ്യമെങ്കിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം |

(.....2)

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദമാക്കുമോ ? | (ബി) ഭൂമിക പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാമൂഹിക നീതി വകുപ്പുമായി സഹകരിച്ച് Standard Operating Procedures (SOP) തയ്യാറാക്കുകയും ഓരോ വകുപ്പുകളും ചെയ്യേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ജില്ലാ തലത്തിൽ ഡോക്ടർമാർക്കും, നഴ്സുമാർക്കും പോലീസ്, അഭിഭാഷകർ, പത്ര പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർക്കുള്ള പരിശീലനങ്ങളും നൽകി വരുന്നു. പദ്ധതിയെ സംബന്ധിച്ച വിവരം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും പ്രധാന കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനും തെരഞ്ഞെടുത്ത സ്കൂളുകളിൽ പദ്ധതിയെ കുറിച്ചുള്ള വിശദാംശങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരുന്നു. |

P. [signature]

സെക്ഷൻ ഓഫീസർ